# <u>വളരെ അടിയന്തിരം</u>

നം. എ(4)/6672/2018/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
തീയതി: 08/03/2018.

പ്രേഷിതൻ

**സെക്രട്ടറി,**
പരീക്ഷാഭവൻ.

സ്വീകർത്താവ്

**എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും**

സർ,

വിഷയം: എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2018- ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം- എക്സാമിനർമാരായി നിയമനം നൽകുന്നത്- സംബന്ധിച്ച്.

സൂചന: 15.02.2018 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

........

2018 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്നതിന് അഡീഷണൽ ചീഫ് എക്സാമിനേഴ്സ്, അസിസ്റ്റന്റ് എക്സാമിനേഴ്സ് ആയി അതാത് സോണുകളിൽ അപേക്ഷിക്കുന്നതിന് **12.03.2018** വരെ സൗകര്യം ഉണ്ടായിരിക്കും. ഇതുവരെ അപേക്ഷിക്കാത്ത അദ്ധ്യാപകരുടെ വിവരങ്ങൾ iExaMs വഴി Enter ചെയ്യുന്നതിന് എല്ലാ പ്രഥമാദ്ധ്യാപകരും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്. <u>അതാത് സ്കൂളുകളിലെ യോഗ്യരായ മുഴുവൻ എച്ച്.എസ്.എ.മാരുടെയും അപേക്ഷ സ്വീകരിച്ച് ഓൺലൈൻ എൻട്രി നടത്തി എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരം ഓൺലൈൻ എൻട്രി നടത്താത്ത പ്രഥമാദ്ധ്യാപകരുടെ മേൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. അങ്ങനെയുള്ള പ്രഥമാദ്ധ്യാപകരുടെ ലിസ്റ്റ് നിശ്ചിത തീയതിക്കു ശേഷം ശേഖരിച്ച് ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഗൗരവമായ ശ്രദ്ധ ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു.</u>

മാർച്ച് 08 വരെ അപേക്ഷിച്ച അദ്ധ്യാപകരുടെ വിവരങ്ങൾ iExaMs login വഴി ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക് ലഭിക്കുന്നതാണ്. അതിനുശേഷം വിദ്യാഭ്യാസ ജില്ലയിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്തവരുടെ ലിസ്റ്റ് നിശ്ചിത ഫോർമാറ്റിൽ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്. ഈ ലിസ്റ്റിൽ നിന്ന് നിർബന്ധിത നിയമനം ഈ കാര്യലയത്തിൽ നിന്ന് നൽകുമ്പോൾ ഏതുസോണുകളിലാണ് അതാത് വിഷയത്തിന് അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നത് അവിടെയായിരിക്കും നിയമനം നൽകുന്നത്. ആയതിനാൽ മാർച്ച് 12 വരെ അതാതു സോണുകളിൽ അപേക്ഷിക്കുവാനുള്ള അവസരം പ്രയോജനപ്പെടുത്താനുള്ള വിവരം ജില്ലാവിദ്യാഭ്യാസ ആഫീസർമാർ സ്കൂളുകളിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സെക്രട്ടറി**

പകർപ്പ്:-
എല്ലാ ചീഫ് സൂപ്രണ്ട്മാർക്കും
(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)